**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 164 | 17.06.2013-ൽ മറുപടിയ്ക്ക്

## സമരങ്ങൾ അടിച്ചമർത്തുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ ( ഉദുമ)<br>ശ്രീ. എളമരം കരീം<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനവിരുദ്ധ നിലപാടുകൾക്കും നടപടികൾക്കും എതിരെയും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചും സംസ്ഥാനത്ത് വിവിധ ജനവിഭാഗങ്ങൾക്ക് സമരം ചെയ്യേണ്ടി വരുന്നതായി സർക്കാരിനറിയാമോ; | (എ) ചില നിലപാടുകളെയും നടപടികളെയും ജന വിരുദ്ധമെന്ന് ആരോപിച്ചുകൊണ്ടും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടും സംസ്ഥാനത്ത് വിവിധ ജനവിഭാഗങ്ങൾ സമരം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം സമരങ്ങളുണ്ടാകുമ്പോൾ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നത് സർക്കാരിന്റെ നയമാണോ; | (ബി) അല്ല. |
| (സി) ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്നവർക്കെതിരെ പോലീസിനെ ഉപയോഗിച്ച് കള്ളക്കേസുകൾ എടുക്കുന്നതും നാടുകടത്തുന്നതും അറസ്റ്റു ചെയ്തു ജയിലിൽ അടയ്ക്കുന്നതും ജനാധിപത്യവിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്നവർക്കെതിരെ പോലീസ് കള്ളക്കേസുകൾ എടുക്കുകയോ, നാടു കടത്തുകയോ ചെയ്യുന്നില്ല. എന്നാൽ ജനകീയ സമരങ്ങളുടെ പേരിൽ ഉണ്ടാകുന്ന അക്രമ സംഭവങ്ങളിൽ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായി പോലീസ് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് സമരങ്ങൾ നടന്ന കേന്ദ്രങ്ങളിൽ നിന്നായി പോലീസ് അറസ്റ്റു ചെയ്തു നീക്കപ്പെട്ടവർ എത്രയാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (ഡി) ഈ സർക്കാരിന്റെ കാലത്ത് സമരങ്ങൾ നടന്ന കേന്ദ്രങ്ങളിൽ നിന്നായി ക്രമസമാധാന പാലനത്തിന്റെ ഭാഗമായി 13991 പേരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ